പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2151

11/02/2020 ൽ മറുപടി നല്കേണ്ടത്

## തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.കെ. പ്രശാന്ത്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിട സമുച്ചയം ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച കെട്ടിടത്തിൽ TATA ഫൗണ്ടേഷൻ, CIHS എന്നിവയുടെ സഹകരണത്തോടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള Apex simulation Training Centre for em rgency and Trauma Care എന്ന ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആന്റ് ടെക്നോളജി ഓഫീസും കോളേജ് ഓഫ് നഴ്സിംഗും പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ സ്ഥലസൗകര്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | Apex Trauma Centre നായി മാറ്റി വച്ച നിലകൾ കൂടാതെയുള്ള ബാക്കി സ്ഥലം ഏതുരീതിയിൽ വിനിയോഗിക്കണമെന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സ്ഥലസൗകര്യം ഇല്ലാതെ വീർപ്പുമുട്ടുന്ന ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിനും രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിയുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | കിഫ്ബി ധനസഹായത്തോടു കൂടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലേക്കായി പ്രാഥമികഘട്ടത്തിൽ 143.06 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ